(ഡി) കേരളത്തിന്റെ വെള്ളം ടണലുകളും ചാലുകളും വഴി സംഭരിക്കുന്നതിന് തമിഴ്നാട് രണ്ട് അണകൾ കൂടി ഹനുമാൻ തോടിന് സമീപം നിർമ്മിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അല്ല.

(ബി) ഇല്ല.

(സി) കേരള തമിഴ്നാട് അതിർത്തിയോട് ചേർന്ന് തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്ന ഒന്നാംകല്ലിന്റെ കിഴക്കുഭാഗത്തുകൂടി ഒഴുകുന്ന അരുവികളാണ് ഹനുമാൻ തോട്ടിൽ എത്തുന്നത്.

(ഡി) ഹനുമാൻ നദിയിൽ, മേക്കര ഡാമിന് ഉദ്ദേശം 1 കി. മീ. താഴ്ഭാഗത്തായി വന്നുചേരുന്ന എരുമച്ചാടി തോട്ടിൽ തമിഴ്നാട് ഒരു തടയണ നിർമ്മിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ തടയണ ഉപയോഗിച്ച് തമിഴ്നാട് സർക്കാരിന് കേരളത്തിന്റെ ജലം ചൂഷണം ചെയ്യാൻ ഒരു സാധ്യതയും കാണുന്നില്ല.

കാസർഗോഡ് ജില്ലയിൽ കടൽഭിത്തി പണിയുന്നതിന് നടപടി

77 [534] ശ്രീ. കെ. പി. സതീഷ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ഭാഗത്ത് കടൽഭിത്തി നിർമ്മാണ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്നും ഇവയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെ ചേർക്കുന്നു.

കടൽ ഭിത്തി നിർമ്മാണം

1. മൂസാഡിയിൽ ചെയിനേജ് 6/000 മുതൽ 7/250 കി. മീ. വരെ 1250 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 279 ലക്ഷം രൂപ.

2. ബർക്കയിൽ ചെയിനേജ് 12/620 മുതൽ 13/400 കി. മീ. വരെ 760 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 148 ലക്ഷം രൂപ.

3. കോയിപ്പാടിയിൽ ചെയിനേജ് 21/650 മുതൽ 23/650 കി. മീ. വരെ 2000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 400 ലക്ഷം രൂപ.

4. കാവുങ്ങോലി ബീച്ചിൽ ചെയിനേജ് 26/200 മുതൽ 27/200 കി. മീ. വരെ 1000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 150 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

5. ചെറുങ്ങായി കടപ്പുറത്ത് ചെയിനേജ് 28/200 മുതൽ 28/950 കി. മീ. വരെ 750 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 110 ലക്ഷം രൂപ.

6. കസബ ബീച്ച് ചെയിനേജ് 30/475 മുതൽ 30/825 കി. മീ. വരെ 350 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 51 ലക്ഷം രൂപ.

7. അജാന്നൂർ കടപ്പുറം ചെയിനേജ് 52/460 മുതൽ 53/460 വരെയും ഹോസ്ദുർഗ്ഗ് താലൂക്കിൽ ചെയിനേജ് 52/460 മുതൽ 52/525, ചെയിനേജ് 52/825 മുതൽ 53/460, കി. മീ. വരെ 750 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 120 ലക്ഷം രൂപ.

8. ബല്ല കടപ്പുറത്ത് ചെയിനേജ് 53/940 മുതൽ 54/340 വരെയുള്ള 1000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 155 ലക്ഷം രൂപ.

9. ഹോസ്ദുർഗ്ഗ് കടപ്പുറത്ത് ചെയിനേജ് 54/940 മുതൽ 55/940 കി. മീ. വരെ 1000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 155 ലക്ഷം രൂപ.

10. തായി കടപ്പുറം ചെയിനേജ് 64/500 മുതൽ 66/000 കി. മീ. വരെ 1500 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 250 ലക്ഷം രൂപ.

11. തായി കടപ്പുറം ചെയിനേജ് 66/000 മുതൽ 67/000 കി. മീ. വരെ 1000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 170 ലക്ഷം രൂപ.

12. തായി കടപ്പുറം ചെയിനേജ് 67/000 മുതൽ 68/000 കി. മീ. വരെ 1000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 175 ലക്ഷം രൂപ.

13. പടന്ന കടപ്പുറം ചെയിനേജ് 70/180 മുതൽ 70/868 കി. മീ. വരെ 685 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 165 ലക്ഷം രൂപ.

14. കന്ന് വീട് കടപ്പുറം (വലിയ പറമ്പ) ചെയിനേജ് 74/715 മുതൽ 75/715 കി. മീ. വരെ 800 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 225 ലക്ഷം രൂപ.

15. കന്ന് വീട് കടപ്പുറം (വലിയ പറമ്പ) ചെയിനേജ് 75/715 മുതൽ 76/715 കി. മീ. വരെ 1000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 260 ലക്ഷം രൂപ.

16. കന്ന് വീട് കടപ്പുറം (വലിയ പറമ്പ) ചെയിനേജ് 76/715 മുതൽ 77/715 വരെ 1000 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം-അടങ്കൽ തുക 235 ലക്ഷം രൂപ.

17. കീഴു കടപ്പുറം ചെയിനേജ് 35/450 മുതൽ 35/900 കി. മീ. വരെ 450 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം- അടങ്കൽ തുക 66 ലക്ഷം രൂപ.

കടൽ ഭിത്തി പുനരുദ്ധാണം

1. കോയിപ്പാടി കടപ്പുറത്ത് ചെയിനേജ് 20/146 മുതൽ 20/650 കി. മീ. വരെ 504 മീറ്റർ നീളത്തിൽ കടൽ ഭിത്തി പുനരുദ്ധാണം- അടങ്കൽ തുക 80 ലക്ഷം രൂപ.

2. ഹോസ്ദുർഗ്ഗ് താലൂക്കിൽ 215 മീറ്റർ നീളത്തിൽ കടൽ ഭിത്തി പുനരുദ്ധാണം- അടങ്കൽ തുക 45 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 12–ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രവർത്തികൾ 2006-07-ൽ ആണ് തുടങ്ങുന്നത്.

കണ്ണൂർ ജില്ലയിലെ കടൽഭിത്തി നിർമ്മാണം

78 [535] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് പഞ്ചായത്തിലെ പാച്ചാക്കര പ്രദേശത്ത് സുനാമി പ്രതിഭാസംമൂലം കടൽഭിത്തി തകർന്ന് വലിയ തോതിൽ നഷ്ടമുണ്ടായ കാര്യം സർക്കാരിനറിയാമോ;

(ബി) കരസംരക്ഷണ പ്രവർത്തനത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അറിയാം.

(ബി) ഉണ്ട്.

(സി) കരസംരക്ഷണ പ്രവർത്തനത്തിനായി പാച്ചാകരയിൽ ചെയിനേജ് 133/300 മുതൽ 133/800 കി. മീ. വരെ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനു വേണ്ടി 88 ലക്ഷം രൂപയ്ക്കുള്ള ഒരു പ്രവൃത്തിയുടെയും ചെയിനേജ് 133/800 മുതൽ 134/300 വരെ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിനുവേണ്ടി ഉദ്ദേശം 89 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

ചാലിയാർപുഴ-ചെറുപുഴ-പുന്നർപുഴ സംരക്ഷണം

79 [536] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലത്തിലൂടെ ഒഴുകുന്ന ചാലിയാർപുഴ-ചെറുപുഴ-പുന്നർപുഴ എന്നിവയുടെതീരം സംരക്ഷിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓരോ പുഴയും സംരക്ഷിക്കുന്നതിന് കുന്ദമംഗലം നിയോജകമണ്ഡല പരിധിയിൽ എന്തൊക്കെ പ്രവർത്തികൾ നടത്തി എന്നും ഇനിയും എന്തൊക്കെ പ്രവർത്തികൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നും ഇതിന് ഏത് പദ്ധതിയിൽ എത്ര രൂപ വീതം നീക്കിവച്ചു എന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചു എന്നും ഏതൊക്കെ പ്രവർത്തികൾ പുരോഗമിക്കുന്നു എന്നും ആരംഭിക്കാത്ത പ്രവർത്തികൾ എന്നാരംഭിക്കുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly